**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മംഗലപുരം ഗ്രാമ പഞ്ചായത്തിലെ പുതിയ ഓഫീസ് കെട്ടിടം ഉദ് ഘാടനം - തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1804/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം,**
**തീയതി,21/08/2019**

പരാമർശം:- 1.മംഗലപുരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 20.5.2019 ൽ നടന്ന സാധാരണ യോഗത്തിലെ 19(3)-ാം നമ്പർ തീരുമാനം.

2.മംഗലപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.06.2019 ലെ B1-2263/2019 നമ്പർ കത്ത്.

**ഉത്തരവ്**

മംഗലപുരം ഗ്രാമ പഞ്ചായത്തിൽ 2019 ഫെബ്രുവരി 13 ന് നടന്ന പുതിയ ഓഫീസ് കെട്ടിടത്തിന്റെ ഉദ് ഘാടനവുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾക്കായി 23,558/- രൂപ യും, ഇതിനുപുറമേ ഉപയോഗത്തിനുള്ള സ്റ്റേജ് നിർമ്മാണം, സ്റ്റേജ് അലങ്കാരം, കസേര, ഡയസ് എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങൾക്ക് 49,300/- രൂപയും മൈക്ക് സെറ്റ് ഉൾപ്പെടെയുള്ള വാഹന പ്രചരണ പരിപാടികൾക്ക് 13,000/- രൂപയും പരിപാടിയുടെ ഒരു ഫോട്ടോ ആൽബം തയ്യാറാക്കുന്നതിന് 15,000/- രൂപയും ചെലവഴിച്ചിരുന്നുവെന്നും, ടി തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നല്കണമെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശകത്ത് പ്രകാരം മംഗലപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി ഉദ് ഘാടന ചടങ്ങുമായി ബന്ധപ്പെട്ട് ആകെ ചെലവ് 1,00,858/- രൂപയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മംഗലാപുരം ഗ്രാമ പഞ്ചായത്തിലെ പുതിയ ഓഫീസ് കെട്ടിടത്തിന്റെ ഉദ് ഘാടന ചടങ്ങുമായി ബന്ധപ്പെട്ട് ചെലവ് വന്നിട്ടുള്ള 1,00,858/- രൂപ (ഒരു ലക്ഷത്തി എണ്ണൂറ്റി അമ്പത്തെട്ട് രൂപ മാത്രം) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിയ്ക്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി മംഗലപുരം ഗ്രാമ പഞ്ചായത്ത് , തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ